**A2 - 1191/24** **09.06.2025**


**ശ്രീ കാടാമ്പുഴ ഭഗവതി ദേവസ്വം,**
**കാടാമ്പുഴ (പി.ഒ), മലപ്പുറം (ജില്ല)**
**പിൻ : 676553**
**ഫോൺ : 0494 2615 790, 2618 000**
**Email : kadampuzhatemple@gmail.com**


---

**ക്വട്ടേഷൻ**

ഭക്തജനങ്ങൾ ദേവസ്വത്തിൽ വഴിപാടായി മുട്ടറുക്കുവാൻ എൻക്വയറി കൗണ്ടറിൽ ഏൽപ്പിച്ചു പോകുന്ന നാളികേരങ്ങൾ അതാതു ദിവസം തന്നെ എൻക്വയറി കൗണ്ടറിൽ നിന്ന് എണ്ണി വാങ്ങി ക്ഷേത്രത്തിൽ കൊണ്ടുപോയി മുട്ടറുപ്പിച്ചെടുക്കുന്നതിന് **01.07.2025 മുതൽ 31.12.2025 കൂടിയ** കാലത്തേയ്ക്കുള്ള അവകാശത്തിന് മുദ്രവെച്ച ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു.

ഒരു നാളികേരം എന്തു വിലയ്ക്കെടുക്കാം എന്ന തോതിലായിരിക്കും ടെണ്ടർ. ഓരോ ക്വട്ടേഷനുമൊപ്പം **20,000/- ക (ഇരുപതിനായിരം രൂപ മാത്രം)** നിരതദ്രവ്യം ദേവസ്വത്തിലടച്ചതിനുള്ള അസ്സൽ രശീതി കൂടി അടക്കം ചെയ്യേണ്ടതാണ്. ക്വട്ടേഷനുകൾ **28.06.2025 ന് ഉച്ചയ്ക്ക് 12 മണി വരെ** ദേവസ്വം ഓഫീസിൽ സ്വീകരിക്കുന്നതും അന്നു തന്നെ **ഉച്ചയ്ക്ക് 2 മണിക്ക്** അപ്പോൾ ഹാജരുള്ള ക്വട്ടേഷൻ തന്നവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ഏറ്റവും കൂടുതൽ സംഖ്യയ്ക്കുള്ള ക്വട്ടേഷൻ സ്വീകരിക്കുന്നതുമായിരിക്കും. ദേവസ്വത്തിന് ബാദ്ധ്യതകൾ ഒന്നും വരുത്താതെ കരാർ കാലാവധി തൃപ്തികരമായി പൂർത്തീകരിച്ചുവെന്ന് ബോധ്യപ്പെട്ടതിനു ശേഷം മാത്രമെ ക്വട്ടേഷൻ ഏറ്റെടുത്തവരുടെ നിരതദ്രവ്യം തിരിച്ചു നൽകുകയുള്ളു. സ്വീകരിയ്ക്കപ്പെട്ട ക്വട്ടേഷന്റെ തൊട്ടു താഴെ വരുന്ന സംഖ്യ രേഖപ്പെടുത്തിയ ക്വട്ടേഷൻകാരന്റെ നിരതദ്രവ്യം ക്വട്ടേഷൻ ലഭിച്ചയാളുടെ കരാർ മുദ്രപത്രത്തിൽ എഴുതി ഒപ്പു വച്ച ശേഷം മാത്രമേ തിരികെ കൊടുക്കുകയുള്ളൂ. നിരതദ്രവ്യമായി കെട്ടിവയ്ക്കുന്ന സംഖ്യ ചെക്ക് മുഖേന മാത്രമേ ക്വട്ടേഷൻ സമർപ്പിച്ചവർക്ക് തിരികെ നൽകുകയുള്ളൂ. തൃപ്തികരമായി കൊണ്ടു നടത്താത്ത കരാർ റദ്ദാക്കുന്നതും നിരതദ്രവ്യം ദേവസ്വത്തിൽ മുതൽ കൂട്ടുന്നതു- മായിരിക്കും. ക്വട്ടേഷൻ സ്ഥിരീകരിച്ചയുടൻ ക്വട്ടേഷനേറ്റെടുത്തവർ സ്വന്തം ചെലവിൽ **200/-** കയുടെ മുദ്രപത്രം ദേവസ്വത്തിൽ കൊണ്ടു വന്ന തന്നു നിബന്ധനകൾ ഉൾക്കൊള്ളുന്ന കരാറിൽ ഏർപ്പെടേണ്ടതാണ്. ഹൈന്ദവർക്കു മാത്രമെ ഈ പ്രവൃത്തി ഏറ്റെടുത്തു നടത്തുന്നതിന് അവകാശമുണ്ടായിരിക്കുകയുള്ളൂ.

...2

യാതൊരു കാരണവും പറയാതെ ക്വട്ടേഷൻ നിർത്തി വെക്കുവാനും ക്വട്ടേഷൻ പ്രകാരമുള്ള വില്പനാവകാശം നീട്ടി വെക്കുവാനും എക്സിക്യൂട്ടീവ് ഓഫീസർക്ക് പൂർണ്ണാധികാരം ഉണ്ടായിരിക്കുന്നതും അങ്ങിനെയുള്ള വിവേചന അധികാരത്തെ ചോദ്യം ചെയ്യുവാൻ ആർക്കും അധികാരമോ അവകാശമോ ഇല്ലാത്തതുമാകുന്നു.

ക്വട്ടേഷൻ/കരാർ സംബന്ധമായി ഉടലെടുക്കുന്ന ഏതു വ്യവഹാരങ്ങളുടേയും നിയമാധികാരപരിധി തിരൂർ കോടതിയായിരിയ്ക്കുന്നതാണ്.

എക്സിക്യൂട്ടീവ് ഓഫീസർ

1) നോട്ടീസ് ബോർഡുകൾ
2) വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്
3) പഞ്ചായത്ത് ഓഫീസ് നോട്ടീസ് ബോർഡ്
4) ഫയൽ കോപ്പി
5) അധികം
6) ദേവസ്വം വെബ്സൈറ്റ്